# മഹാത്മാഗാന്ധി സർവ്വകലാശാല

**കൃഷ്ണമൂർത്തി റ്റി.എസ്.**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447660554

പി.ആർ.ഒ./39/185/2018 2018 ആഗസ്റ്റ് 30

## പത്രക്കുറിപ്പ്

### എം.ജി. സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന് യാത്രയയപ്പ് നൽകി

ഇന്ന് സ്ഥാനമൊഴിയുന്ന എം.ജി. സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന് സർവ്വകലാശാലാ സിൻഡിക്കേറ്റ് ഉചിതമായ യാത്രയയപ്പ് നൽകുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു.

അക്കാദമികരംഗത്തെ വളർച്ചയ്ക്ക് നൽകിയ സംഭാവനയെ അനുസ്മരിക്കുകയും സർവ്വകലാശാലാഭരണത്തിലും പരീക്ഷാനടത്തിപ്പിലും വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ വിനിയോഗത്തിൽ കൈവരിച്ച നേട്ടത്തിൽ അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു. ഈ അവസരത്തിൽ വൈസ് ചാൻസലർ തനിക്ക് നൽകിയ നിസ്സീമമായ സഹകരണത്തിന് സിൻഡിക്കേറ്റിനോട് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

### വാക്ക് ഇൻ ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ താത്ക്കാലിക സുരക്ഷാഭടന്റെ ഒഴിവിലേക്ക് 59 വയസ്സ് തികയാത്ത സൈനിക/അർദ്ധസൈനിക വിഭാഗത്തിൽ നിന്നും വിരമിച്ചവരെ ഉൾപ്പെടുത്തി സെപ്റ്റംബർ 4ന് വാക്ക് - ഇൻ - ഇന്റർവ്യൂ നടത്തുന്നു. താല്പര്യമുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സൽ (പകർപ്പ് സഹിതം), പാസ്സ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം സെപ്റ്റംബർ 4ന് രാവിലെ 10.30ന് സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ എത്തിച്ചേരേണ്ടതാണ്. പ്രതിദിനം 600 രൂപ നിരക്കിൽ ഒരു വർഷക്കാലത്തേക്ക് കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം. സർവ്വകലാശാല/തത്തുല്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന.

### എം.എഡ്/ബി.എഡ്./എം.ബി.എ. ഉത്തരക്കടലാസുകൾ

2018 ജൂലൈ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ്./ബി.എഡ്., നാലാം സെമസ്റ്റർ എം.ബി.എ. എന്നീ പരീക്ഷകളുടെ ഉത്തരക്കടലാസുകൾ പരീക്ഷാകേന്ദ്രങ്ങളിൽ നിന്ന് മൂല്യനിർണ്ണയത്തിനായി സർവ്വകലാശാലയിലെ റൂം നമ്പർ 48ൽ പ്രവർത്തിക്കുന്ന ക്യാമ്പിൽ എത്തിക്കേണ്ടതാണ്.

### അന്താരാഷ്ട്ര ഡോക്യുമെന്ററി–ഹ്രസ്വ ചലച്ചിത്രോത്സവം മാറ്റിവച്ചു

കേരളത്തിലെ പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയും സംയുക്തമായി സെപ്റ്റംബർ 5, 6, 7 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന അന്താരാഷ്ട്ര ഡോക്യുമെന്ററി - ഹ്രസ്വചലച്ചിത്രോത്സവം മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്ജ്)**